# നന്മതിന്മകളെ തിരിച്ചറിയുക

കർത്താവ് പറഞ്ഞു നിങ്ങൾക്ക് രണ്ടു യജമാന്മാരെ സേവിക്കുവാൻ കഴിയുകയില്ല. ഒന്നുകിൽ ഒരുവനെ സ്നേഹിച്ചു മറ്റവനെ തള്ളും. അലെങ്കിൽ അപരനെ സ്നേഹിച്ച് ഒരുവനെ തള്ളും. നിങ്ങൾക്ക് ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴിയുകയില്ല.

ലോകത്തിൽ ജീവിക്കുമ്പോൾ നമ്മുടെ മുമ്പിൽ നിൽക്കുന്ന വലിയ ഒരു ചോദ്യമാണ് ഞാൻ ആരെ അനുസരിക്കും, ദൈവത്തെയോ, ലോകത്തെയോ? ആണിപ്പാടുള്ള കൈകളുമായി ക്രിസ്തു എന്റെ മുമ്പിൽ നിൽക്കുന്നു. അവന്റെ സ്നേഹംനിറഞ്ഞ കണ്ണിലേയ്ക്ക് നോക്കുമ്പോൾ അവനെ ഉപേക്ഷിക്കുവാൻ കഴിലുന്നില്ല. മറുഭാഗത്ത് ലോകം അതിന്റെ മോഹിപ്പിക്കുന്ന ഭംഗികളോടെ നിൽക്കുന്നു. അത് തരുന്ന ജഢികവും മാനസികവുമായ സുഖങ്ങൾ എനിക്ക് ഉപേക്ഷിക്കുവാൻ തോന്നുന്നതെയില്ല. ആകെ ഒരു സന്ധിഗ്ദഘട്ടത്തിലൂടെ കടന്നുപോകുന്നു, ആരെ തള്ളും ആരെ കൊള്ളും.

കർത്താവ് പറയുന്നു ഞാൻ നിന്നെ സ്നേഹിക്കുന്നു, നീ എന്റെതാണ് മകനെ. ഞാനാണ് നിന്നെ സൃഷ്ടിച്ചത്. നിന്നെ വീണ്ടെടുക്കുവാനായി നിനക്കുവേണ്ടി ഞാൻ സഹിച്ച കഷ്ടതകൾ കണ്ടില്ലെ? മറുഭാഗത്ത് സാത്താൻ നിൽക്കുന്നു. ആധുനിക ഇലക്ട്രോണിക്ക് ഉപകരണങ്ങൾ, ഇന്റർനെറ്റും അതിന്റെ വിശാലമായ ലോകം, വിലകൂടിയ കാറുകൾ, മനം മയക്കുന്ന വീടുകൾ, നുരയുന്ന മദ്യം പിന്നെ എല്ലാം എല്ലാം. നീ എന്റെ അടുക്കൽ വന്നാൽ ഇതെല്ലാം നിനക്കു തരാം എന്റെ സംതുലിതാവസ്ഥ തെറ്റുന്നു. എനിക്ക് ലോകത്തോടടുപ്പം തോന്നുന്നു. എത്ര സുഖകരമായി ജീവിതം ആസ്വദിക്കാം. ഉടനെ മറുചിന്ത വന്നുകഴിഞ്ഞു. മകനെ ലോകം നിനക്കു തരുന്ന സുഖം നൈമിഷികമാണ്. അതിൽ പാപം പതിയിരിക്കുന്നു. നീ നാശക്കുഴിയിലേയ്ക്ക് ഇറങ്ങിപ്പോകും. ത്രിത്വനാമത്തിൽ നിന്നെ മുദ്രയിട്ട് ഞാൻ എന്റെതാക്കിയതാണ്. നീ ലോകത്തിന്റെതല്ല. വീണ്ടും പിശാച്. നീ എന്തിന് അവന്റെ ഭാഗം ചേരുന്നു. എന്തെങ്കിലും അവനോട് ചോദിച്ചാൽ അവൻ നിനക്ക് തരുമോ. നീ ഒരു കാറ് ചോദിച്ചു തന്നില്ല, ഒരു ഭവനം ചോദിച്ചു തന്നില്ല. ഇതാ നീ രോഗിയാകുന്നു രോഗസൗഖ്യം നൽകിയില്ല. പിന്നെ അവൻ നിന്നെ എങ്ങനെയാണ് സ്നേഹിക്കുന്നത്?

ഞാനൊരു ചുഴിയിലായല്ലോ. സാത്താൻ പറയുന്നത് ശരിയല്ലേ? എന്ത് ചോദിച്ചാലും ഇല്ല, വേണ്ട എന്നീ ഉത്തരമാണല്ലോ നൽകിയിട്ടുള്ളത്. ഞാൻ നശിച്ചു പോകും പോലും. ഇതാ നോക്കൂ എന്റെ ചുറ്റുമുള്ളവർ ജീവിതം എന്തു മാത്രം ആസ്വദിക്കുന്നു. അവർക്ക് എത്രമാത്രം സുഖസൗകര്യങ്ങളാണുള്ളത്. കൊള്ള നടത്തിയാലും കൊലപാതകം നടത്തിയാലും അവർ പിടിക്കപ്പെടുന്നില്ല. അവർക്ക് ചെറിയ ഒരു തലവേദന പോലുമില്ല. പിന്നെ എന്തുകൊണ്ട് അവരെപ്പോലെ എനിക്കും ആയിക്കൂടാ? നൂറ് നൂറ് ചോദ്യങ്ങൾ.

മറുഭാഗം മകനേ ചുങ്കകാരനായ സക്കായിയെനോക്കുക. അവൻ സാധാരണക്കാരെ കബളിപ്പിച്ച് ധാരാളം സമ്പത്തുണ്ടാക്കി. പക്ഷേ അവന് മനസമാധാനലില്ലായിരുന്നു. അതുകൊണ്ടാണ് അവൻ എന്നെ കാണാൻ വന്നത്. അവൻ അന്യായമായി സമ്പാദിച്ചതെല്ലാം ദരിദ്രക്ക് കൊടുത്തപ്പോൾ അവന് സമാധാനമുണ്ടായി. പാപിനിയായ സ്ത്രീയെ നോക്കൂ. എല്ലാ ജഢീക സുഖങ്ങൾക്കും ആഡംബരങ്ങൾക്കും പിന്നാലെ അവൾ പോയി. പക്ഷേ അവൾക്ക് സന്തോഷം കണ്ടെത്തുവാൻ സാധിച്ചില്ല. അതുകൊണ്ടാണവൾ എന്റെ അടുക്കൽ വന്ന് അവളുടെ തെറ്റായ ജീവിതത്തെക്കുറിച്ച് പറഞ്ഞത്. ഇപ്പോൾ അവൾക്ക് നല്ല ഉറക്കം ലഭിക്കുന്നു. മകനെ സമ്പത്തല്ല ജീവന്റെ ആധാരം. മിതമായ ജീവിതവും ധാർമികപ്രവർത്തനങ്ങളും പിതാവാം ദൈവത്തോടുള്ള ചേർച്ചയുമാകുന്നു നിത്യജീവിനിലേയ്ക്കുള്ള മാർഗ്ഗം.

സാത്താൻ വീണ്ടും വന്ന് പറഞ്ഞു. ഇതൊക്കെ വെറുതെ പറയുന്നതാണ്. ഇതാ നീ മാത്രം ഈ ലോകത്തിൽ ഒറ്റപ്പെട്ടുകഴിയുന്നു. ത്യാഗം അനുഭവിക്കുന്നു. നിന്റെ മക്കൾക്കുവേണ്ടി നീ എന്താണ് സമ്പാദിച്ചുവെച്ചത്. അവർ ഇപ്പോഴും നാട്ടിൻ പുറത്തെ സർക്കാർ സ്ക്കുളിലല്ലേ പഠിക്കുന്നത്. അവർക്ക് നല്ല വിദ്യാഭ്യാസം കൊടുക്കുവാൻ പോലും കഴിയാത്ത നീ നല്ല ഒരു പിതാവാണോ. നിന്റെ മകളുടെ വിവാഹം നീ എങ്ങനെ നടത്തും. അന്തർഗതം: ശരിയാണ്, ഞാനൊരു ഭോഷനാണ്. ഇതാ ഇന്നുമുതൽ ഞാൻ നീ പറയുന്നത് കേട്ട് ജീവിച്ചുകൊള്ളാം. സാത്താൻ തുള്ളിച്ചാടി. ഉടൻ ക്രൂശിതനായ ക്രിസ്തു ദൈന്യതയോടെ എന്നെ നോക്കി. ആ നോട്ടം എന്നെ വല്ലാതെ വലക്കുന്നു. ഇല്ല കർത്താവേ എത്രമാത്രം പീഠ അനുഭവിച്ചാലും ഞാൻ നിന്റെതാണ് നിന്റെത് മാത്രം.

ദൈവമേ ലോകത്തിൽ നന്മയും തിന്മയും തിരിച്ചറിഞ്ഞ് പൂർണ്ണതയും ദൈവപ്രസാദവുമുള്ള ജീവിതം നയിക്കുവാൻ എന്നെ ശക്തനാക്കണമെ.